**1127**

വരുവിൻ! ഈ നല്ല സമയം വൃഥാവാക്കാതെ
നിന്നെ യേശു വിളിച്ചിടുന്നു

1 ഭൂതലവാസം കണ്ണുനീരിൽ ഭാരത്തോടെ നീ കഴിക്കുകയോ?
വന്നുടൻ പാദം തേടിടുകിൽ വിണ്ണതിൽ നിന്നെ ചേർത്തിടുമേ-

2 ഉലകം മായ അഴകും സമം അതു നമ്പാതെ മയക്കും നിന്നെ
മരണമൊരുനാൾ വന്നിടുമേ മറക്കാതെ നിൻ രക്ഷകനെ-

3 വാനത്തിൻ കീഴേ ഭൂമി മീതേ വാനവനേശു നാമമെന്യേ
രക്ഷിപ്പാൻ മാർഗ്ഗം വേറെയില്ല രക്ഷകനേശു താൻ വഴിയേ-

4 സത്യവചനം കേട്ടു നീ വാ! നിത്യജീവൻ നിനക്കേകിടുമേ
നിൻപേരും ജീവപുസ്തകത്തിൽ ഉണ്മയായ് ഇന്നു എഴുതിടുമേ-
**K.V.Jo.**